# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1042** **14.01.2021-ൽ മറുപടിക്ക്**

## അതിഥി തൊഴിലാളികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ലോക്ഡൗൺ കാലഘട്ടത്തിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (എ) കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 11/2020 സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം, ശമ്പളം എന്നിവയ്ക്കുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന ബൃഹത്തായ കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും തൊഴിലാളികൾക്ക് താമസസൗകര്യവും ഭക്ഷണം, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു.<br>കൂടാതെ, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹായത്തോടെ തൊഴിലാളികളെ കണ്ടെത്തി താമസവും ഭക്ഷണവും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആയതിന്റെ പുരോഗതി സംസ്ഥാന തലത്തിൽ ദൈനംദിനം വിലയിരുത്തുകയും ചെയ്തു. സംസ്ഥാനത്താകെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി 21,586 ക്യാമ്പുകൾ സജ്ജീകരിച്ച് 4,34,280 പേർക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി. |

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ക്യാമ്പുകളിൽ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയുള്ള ആഹാരക്രമീകരണത്തിന് പുറമേ ചപ്പാത്തി, ദാൽ, സബ്ജി തുടങ്ങിയ ഇവരുടെ ഇഷ്ട ഭക്ഷണവും കൂടാതെ പാചകം ചെയ്ത് കഴിക്കുവാൻ താൽപര്യമുള്ളവർക്കായി ഭക്ഷണധാന്യങ്ങളും വിതരണം ചെയ്തു. കുടുംബമായി താമസിക്കുന്ന തൊഴിലാളികൾക്ക് പാൽ, ബിസ്കറ്റ് മുതലായവ വിവിധ ജില്ലകളിൽ വിതരണം ചെയ്തുകൊണ്ട് കുഞ്ഞുങ്ങളുടെ പോഷകാഹാര ലഭ്യതയിലും ശ്രദ്ധ പുലർത്തി. ക്യാമ്പുകളിൽ ടെലിവിഷൻ, കാരംബോർഡ്, ചെസ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകിയും മൊബൈൽ റീചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്തു. മെഡിക്കൽ ടീം സംസ്ഥാനത്ത് ഒട്ടാകെ വിവിധ ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുകയും ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കി അവരുടെ ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധ ഊന്നിക്കൊണ്ട് രോഗവ്യാപനം തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചു.

കോവിഡ്19 രോഗവ്യാപ്തി, രോഗവ്യാപനം, ശുചിത്വം, സാമൂഹിക അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ച അവബോധം തൊഴിലാളിക്ക് നൽകിക്കൊണ്ട് ക്യാമ്പുകളിൽ കഴിയേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി ഒഡിയ, ബംഗാളി, ആസാമീസ്, ഹിന്ദി ഭാഷകളിൽ അനൗൺസ്മെന്റ് നൽകിയും പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പതിപ്പിച്ചും ഫോൺ മുഖേന മെസേജുകൾ നൽകിയും നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തുക വഴി ഉടനടി സ്വദേശത്തേക്ക് മടങ്ങിപ്പോകണമെന്ന അവരുടെ ആവശ്യത്തെ ലഘൂകരിക്കുവാൻ കഴിഞ്ഞു.

കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ സജ്ജീകരിച്ച വാർറൂമിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം സംവിധാനം സജ്ജമാക്കുകയുണ്ടായി. തുടർന്ന് ലേബർ കമ്മീഷണറേറ്റിലും 14 ജില്ലകളിലും അസ്സാമീസ്, ബംഗാളി, ഒഡിയ, ഹിന്ദി തുടങ്ങിയ വടക്കേന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാവുന്ന

ആൾക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സജ്ജമാക്കിക്കൊണ്ട് തൊഴിലാളികൾ തൊഴിലാളികളുടെ കുടുംബാംഗങ്ങൾ എന്നിവർ നൽകുന്ന പരാതികളും അഭ്യർത്ഥനകളും സമയബന്ധിതമായി പരിഹരിച്ച് അവരുടെ ആശങ്കയകറ്റുവാനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കഴിഞ്ഞു.

ലോക്ക്ഡൗണിന്റെ മൂന്നാം ഘട്ടത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് സ്വദേശത്തേക്ക് മടങ്ങുവാൻ ശ്രമിക് ട്രെയിനുകൾ സജ്ജീകരിച്ചു. തൊഴിലാളികളെ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് 216 ട്രെയിനുകളിലായി 3,07,138 തൊഴിലാളികളെ സ്വദേശത്തേക്ക് മടക്കി അയക്കുന്നതിനുള്ള നടപടി വിജയകരമായി പൂർത്തികരിച്ചു മേൽ നടപടികളെല്ലാം വളരെ ഫലപ്രദമായിരുന്നു.

(ബി) അൺലോക്ക് ഒന്നാം ഘട്ടത്തിൽ അതിഥി തൊഴിലാളികൾ തങ്ങളുടെ സംസ്ഥാനങ്ങളിലേക്ക് കൂട്ടത്തോടെ മടങ്ങിയത് സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിച്ചത്; എത്രപേർ ഇപ്രകാരം മടങ്ങിയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) കോവിഡ്-19 പശ്ചാത്തലത്തിൽ അതിഥി തൊഴിലാളികൾ തങ്ങളുടെ സംസ്ഥാനങ്ങളിലേയ്ക്ക് കൂട്ടത്തോടെ മടങ്ങിയെത് നിർമ്മാണമേഖല ഉൾപ്പെടെ പല തൊഴിൽ മേഖലകളെയും സാരമായി ബാധിച്ചു. 216 ട്രെയിനുകളിലായി 3,07,138 തൊഴിലാളികൾ സ്വദേശത്തേക്ക് മടങ്ങുകയുണ്ടായി.

(സി) മടങ്ങിപ്പോയ തൊഴിലാളികൾ തിരികെ സംസ്ഥാനത്ത് എത്തി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ അവരിൽ നിന്നും കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാനായി ഏർപ്പെടുത്തിയ പ്രത്യേക സംവിധാനങ്ങൾ എന്തൊക്കെയാണ് ?

(സി) ഉണ്ട്. അതിഥിതൊഴിലാളികളുടെ രജിസ്ട്രേഷൻ, ക്വാറന്റൈൻ സൗകര്യങ്ങൾ ഉറപ്പ വരുത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 846/2020/തൊഴിൽ നമ്പരായി ഉത്തരവായിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തൊഴിൽ/ പഞ്ചായത്ത്/ റവന്യൂ പോലീസ്/ആഭ്യന്തര വകുപ്പുകളുടെ സഹായത്തോടെ റെയിൽവെസ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ക്വാറന്റൈൻ സെൻററുകളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.